**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 96** **23-08-2022 - ൽ മറുപടിയ്ക്ക്**

**ലോക കേരളസഭ സമ്മേളനങ്ങളിലെ ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്ന് ലോക കേരളസഭ സമ്മേളനങ്ങളിലും ഓരോ സമ്മേളനത്തിന്റെയും തീരുമാനപ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.<br><br>രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമല്ലാത്തവ നീക്കം ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നവ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br><br>മൂന്നാം സമ്മേളനത്തിൽ നിരവധി ആശയങ്ങളും നിർദ്ദേശങ്ങളും വിവിധ സെഷനുകളിൽ അംഗങ്ങൾ ഉയർത്തിയിട്ടുണ്ട്. ടി ശിപാർശകൾ ക്രോഡീകരിച്ചുവരുന്നു. |
| (ബി) | ഇതിൽ ഏതൊക്കെ ശിപാർശകൾ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഓരോ സമ്മേളനത്തിന്റെയും ഇനം തിരിച്ച് വിശദാംശം നൽകുമോ; | (ബി) | ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.<br><br>രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമല്ലാത്തവ നീക്കം ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാര |

| | | | |
|---|---|---|---|
| | | | പരിധിയിൽ വരുന്നവ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br><br>മൂന്നാം സമ്മേളനത്തിൽ നിരവധി ആശയങ്ങളും നിർദ്ദേശങ്ങളും വിവിധ സെഷനുകളിൽ അംഗങ്ങൾ ഉയർത്തിയിട്ടുണ്ട്. ടി ശിപാർശകൾ ക്രോഡീകരിച്ചുവരുന്നു. |
| (സി) | ലോക കേരളസഭാ സമ്മേളനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഓരോ സമ്മേളനത്തിന്റെയും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861 രൂപയും രണ്ടാം സമ്മേളനത്തിനായി 1,11,12,924 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. മൂന്നാം സമ്മേളനത്തിന്റെ ചെലവുകളുടെ സെറ്റിൽമെന്റ് അന്തിമമായിട്ടില്ല. |

സെക്ഷൻ ഓഫീസർ